H | 80735 | 2016 | (DPI)
19-11-2016

**കേരള സർക്കാർ**

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്- പി റ്റി എ പ്രസിഡന്റിന്റെ തുടർച്ചയായ പരമാവധി കാലാവധി 3 വർഷമായി പരിമിതപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്**

ജി.ഒ.(എം എസ്) നം.190/2016/പൊ.വി.വ. തീയതി, തിരുവനന്തപുരം, 16/11/2016

---

പരാമർശം:- (1) 25.06.2007 ലെ സർക്കാർ ഉത്തരവ് (എം എസ്) നം.126/2007/പൊവിവ
(2) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10.02.2015 ലെ എച്ച്1/814/15/ഡി പി ഐ നമ്പർ കത്ത്
(3) ഹയർ സെക്കണ്ടറി ഡയറക്ടറുടെ 27.05.2015 ലെ എസിഡി.സി4/20126/2015/ എച്ച്.എസ് ഇ നമ്പർ കത്ത്

**ഉത്തരവ്**

ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ പി റ്റി എ പ്രവർത്തനങ്ങൾക്കായി വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവു പ്രകാരം ഒരു വ്യക്തിക്ക് പി റ്റി എ പ്രസിഡന്റ് സ്ഥാനത്തേക്ക് തെരഞ്ഞെടുക്കുന്നതിന് പരിധി ഏർപ്പെടുത്തിയിട്ടില്ല. ദീർഘകാലം ഒരു വ്യക്തി തന്നെ പി റ്റി എ പ്രസിഡന്റായി തുടരുന്ന സാഹചര്യം ഉണ്ടായാൽ അത് ചില സന്ദർഭങ്ങളിലെങ്കിലും ചില അനാരോഗ്യകരമായ പ്രവണതകൾക്ക് കാരണമാകാമെന്നും, ഈ സാഹചര്യത്തിൽ പി റ്റി എ പ്രസിഡന്റിന്റെ തുടർച്ചയായ പരമാവധി കാലാവധി പരിമിതപ്പെടുത്തണമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടറും, ഹയർ സെക്കണ്ടറി ഡയറക്ടറും ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പി റ്റി എ പ്രസിഡന്റിന്റെ തുടർച്ചയായ പരമാവധി കാലാവധി 3 വർഷമായി പരിമിതപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ബീന.വൈ.ബി**
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഹയർ സെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
എല്ലാ പൊതുവിദ്യാഭ്യാസ ജില്ലാ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
എല്ലാ മേഖലാ ഹയർ സെക്കണ്ടറി ഡയറക്ടർമാർക്കും (ഹയർ സെക്കണ്ടറി ഡയറക്ടർ മുഖേന)
ഡയറക്ടർ ഓഫ് പഞ്ചായത്ത്/ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സ്, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ )വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ - മാതൃഭാഷ"

<u>പുറത്തെഴുത്ത് കത്ത് നമ്പർ എച്ച് (1)/80735/2016/ഡിപിഐ തീയതി: 10-02-2017</u>

സർക്കാർ ഉത്തരവിന്റെ പകർപ്പ് എല്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും പ്രഥമാധ്യാപകരുടെയും അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി അയക്കുന്നു. ഒരിക്കൽ തിരഞ്ഞെടുക്കപ്പെട്ട പി.റ്റി.എ പ്രസിഡന്റിന് പി.റ്റി.എ ജനറൽ ബോഡി കൂടി വീണ്ടും തിരഞ്ഞെടുക്കപ്പെടാതെ 3 വർഷം തുടർച്ചയായി പ്രസിഡന്റായിരിക്കാം എന്ന് തെറ്റായി ഈ ഉത്തരവിനെ വ്യാഖ്യാനിക്കരുത്. പി.റ്റി.എ ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റി/ഭാരവാഹികളെ തിരഞ്ഞെടുക്കൽ ഒക്കെ എല്ലാ വർഷവും 25-6-20097 ലെ സ.ഉ (എം.എസ്) നമ്പർ 126/2007/പൊ.വി.വ-ൽ നിർദേശിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ തന്നെ നടത്തേണ്ടതാണ്.

ജെസ്സി ജോസഫ്,
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ),
പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി.

(1) എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും.
(2) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
(3) എല്ലാ പ്രധാനാധ്യാപകർക്കും ( വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം)
(4) ഐ.റ്റി @ സ്കൂൾ (പ്രസിദ്ധീകരണത്തിന്)
(5) സ്റ്റോക്ക് ഫയൽ.

എ.സി-